**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 573 — 28.07.2015 -ൽ മറുപടിക്ക്

## കുടുംബശ്രീ പ്രവർത്തന വിപുലീകരണം

**ചോദ്യം–**

ശ്രീ. പി.എ മാധവൻ
ശ്രീ. സണ്ണി ജോസഫ്
ശ്രീ. ഡൊമനിക് പ്രസന്റേഷൻ
ശ്രീ. ഹൈബി ഈഡൻ

**ഉത്തരം**

ഡോ.എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ. | കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ | എ. | ഉണ്ട് |
| ബി | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് | ബി | കേവല ദാരിദ്ര്യം സാമൂഹ്യാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ ഇല്ലാതാക്കുന്നതിന്, ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനപ്പുറത്ത് അവകാശാധിഷ്ഠിത സമീപനം സ്വീകരിച്ച് ദാരിദ്ര്യം അനുഭവിക്കുന്നവരെയും, നിരാശ്രയരേയും കണ്ടെത്തി അവർക്ക് സംരംക്ഷണ വലയം ഉണ്ടാക്കുന്നതിനും, ഇത്തരം വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യ ധാരയിൽ എത്തിക്കുന്നതിനും ആവശ്യമായ നടപടികൾ കുടുംബശ്രീ സ്വീകരിച്ചു വരുന്നു.<br>1043 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 82483 ആശ്രയ ഗുണഭോക്താക്കൾക്ക് 489.41 കോടി രൂപയും ചലഞ്ച് ഫണ്ടായി 105.7 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്. രണ്ടാംഘട്ട ആശ്രയ പദ്ധതി 553 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിച്ചു. 44917 ഗുണഭോക്താക്കൾക്ക് സഹായം നൽകുന്നു. കുടുംബശ്രീയിൽ നിന്നും ചലഞ്ച് ഫണ്ട് ഇനതത്തിൽ 22.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ 62 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 4140 ഗുണഭോക്താക്കളെ ഉൾപ്പെടുത്തികൊണ്ട് പ്രത്യേക എസ്.റ്റി ആശ്രയ പ്രോജക്റ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ഇതിനായി 22.47 |

കോടി രൂപ ചലഞ്ച് ഫണ്ട് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

100ൽ പരം ആശ്രയ തുടർസേവന പദ്ധതികൾക്ക് അംഗീകാരം നൽകുകയും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും മുഴുവൻ അർഹതപ്പെട്ടവരെയും ആശ്രയ പദ്ധതിയുടെ കീഴിൽ കൊണ്ടുവരികയാണ് കുടുംബശ്രീയുടെ ലക്ഷ്യം.

പഞ്ചായത്തുകളുമായി സഹകരിച്ച് 12-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രവർത്തകർക്ക് വിവിധ ജീവനോപാധി, സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതാണ്. ഹെൽപ്പ് ഡെസ്ക്, ഗ്രാമ കേന്ദ്രം/സേവാകേന്ദ്രം, പരസ്യനികുതി പിരിവ്, ഉൽപ്പന്നങ്ങളുടെ വിപണന കേന്ദ്രം എന്നിവ ആരംഭിക്കുന്നതിന് കിലയുമായി യോജിച്ച് പരിശീലന പരിപാടികൾക്ക് ആരംഭം കുറിച്ചിട്ടുണ്ട്. 30,000 അഭ്യസ്തവിദ്യരായ യുവതി-യുവാക്കൾക്ക് റീട്ടെയിൽ, ഹോസ്പിറ്റാലിറ്റി, വിവര സാങ്കേതിക മേഖല, ഫാർമസി, നേഴ്സിംഗ് എന്നീ മേഖലയിൽ വൈദഗ്ദ്ധ്യം പരിശീലനം നൽകി തൊഴിൽ നൽകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ട് പോകുന്നു.

സുരക്ഷിതമായ ഭക്ഷ്യോൽപന്നങ്ങൾ ലഭ്യമാക്കുന്നതിനും തരിശു രഹിത കേരളം എന്ന ലക്ഷ്യത്തിനു വേണ്ടിയും കുടുംബശ്രീ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കാർഷിക മൃഗസംരക്ഷണ മേഖലയിലെ ഇടപെടലുകളിലൂടെ 972 ഫാർമേഴ്സ് ഫെസിലിറ്റി സെന്ററുകളും (എഫ്.എഫ്.സി) 9833 മാസ്റ്റർ കർഷകരും, 61836 ജെഎൽജികളും വഴി നടപ്പിലാക്കി വരുന്നു. 38706 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തു. മൃഗസംരക്ഷണ മേഖലയിൽ

കഴിഞ്ഞ 3 വർഷം 19.562 കോടി രൂപ 16267 കുടുംബശ്രീ അംഗങ്ങൾ ധനസഹായം നൽകി.

കുടുംബശ്രീ 17-ാം വാർഷികത്തോടനുബന്ധിച്ച് ഭക്ഷ്യ സുരക്ഷയും ഭക്ഷ്യ സ്വാശ്രയത്വവും എന്ന വിഷയത്തെ അടിസ്ഥാന മാക്കി അയൽക്കൂട്ടതലം മുതൽ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

മാധ്യമ അവബോധത്തിലൂടെ സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യം നേടുന്നതിന് 7/11/2014-ന് മീഡിയാശ്രീ പദ്ധതി ആരംഭിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തനമാനവും പദ്ധതികളും നിലവിലെ ഭരണ സമിതിയും നേട്ടങ്ങളും ഉൾപ്പെടുത്തി വീഡിയോ ചിത്രങ്ങളാക്കി പ്രവർത്തിക്കുന്ന പദ്ധതി യിലൂടെ 58 പഞ്ചായത്തുകളുടെ പ്രക്രിയ പൂർത്തിയാക്കുകയും 80 പഞ്ചായത്തുകൾ കൂടി പദ്ധതി നടപ്പിലാക്കാൻ തയ്യാറായിട്ടുണ്ട്.

ദൃശ്യ-മാധ്യമ പ്രവർത്തന രംഗത്തേയ്ക്ക് തൊഴിൽ സംരംഭ ഗ്രൂപ്പുകളെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ഫ്രെയിംശ്രീ പദ്ധതി നടപ്പിലാക്കുന്നു.

മുതിർന്ന പൗരന്മാരുടെയും വയോജനങ്ങളുടെയും സംരക്ഷണ വും ക്ഷേമത്തിനും വേണ്ടിയുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**കുടുംബശ്രീ മൈക്രോ ഫിനാൻസ്**

2014-15 വർഷകാലയളവിൽ 48081 അയൽക്കൂട്ടങ്ങൾക്കായി 1187 കോടി ബാങ്ക് ലിങ്കേജ് ലഭ്യമാക്കി. 2013-14 ൽ ഇത് 39481 അയൽക്കൂട്ടങ്ങൾക്കായി 49 കോടി ലഭ്യമാക്കി.

2014-15 വർഷകാലയളവിൽ അയൽക്കൂട്ട സമ്പാദ്യമായി 444.93 കോടി രൂപ സൂക്ഷിച്ചു. ആന്തരിക വായ്പയായ ഇതേ കാലയളവിൽ 1736.01 കോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളത്. 2015-16 വർഷകാലയള വിൽ 1300 കോടി

| | | | |
|---|---|---|---|
| | | | അയൽക്കൂട്ട വായ്പയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കുടുംബശ്രീ അംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഒരു ഉപജീവന ഉപാധിയാണ് സൂക്ഷ്മ സംരംഭങ്ങൾ. നിലവിൽ റൂറൽ മൈക്രോ എന്റർപ്രൈസസ് സ്കീം (ആർഎംഇ)യുടെ യുവശ്രീ എന്നീ പദ്ധതികളിലൂടെയാണ് സൂക്ഷ്മ സംരംഭങ്ങൾക്കുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നത്. കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിലായി 1846 പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം 5 കോടി 84 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം സംരംഭങ്ങൾക്ക് നൽകിയിട്ടുണ്ട്.<br>ഇതു കൂടാതെ നിരവധി പിന്തുണാ സഹായങ്ങളും കുടുംബശ്രീ സംരംഭങ്ങൾക്ക് നൽകുന്നുണ്ട്. പരിശീലനം, ഇന്നവേഷൻ ഫണ്ട്, റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഫണ്ട് എന്നിവയും മാർക്കറ്റിംഗ് സഹായവും നൽകുന്നുണ്ട്. |
| സി. | പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് | സി. | പദ്ധതി നടത്തിപ്പിനായി എല്ലാ മാസവും ജില്ലാതല അവലോകന യോഗവും സംസ്ഥാനതല അവലോകന യോഗവും നടത്താറുണ്ട്. വിവിധ പദ്ധതികളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ ബ്ലോക്ക് അടിസ്ഥാനത്തിലും, ജില്ലാ അടിസ്ഥാനത്തിലും കോ-ഓർഡി നേറ്റർമാരെയും കൺസൽട്ടന്റ്മാരെയും നിയമിച്ചിട്ടുണ്ട്. കേന്ദ്രാവിഷ് കൃത പദ്ധതിയായ ദീൻദയാൽ ഗ്രാമീൺ കൗശല്യ യോജനയുടെ ഭാഗമായി 152 ബ്ലോക്ക് കോ-ഓർഡിനേറ്റർമാരെയും 12 ജില്ലാ കൺസൽട്ടന്റ്മാരെയും നിയമിച്ചിട്ടുണ്ട്. മഹിളാ കിസാൻ സശാക്തീക രൺ പരിയോജനയുടെ ഭാഗമായി 148 എം.കെ.എസ്.പി കോ–ഓർഡിനേറ്റർമാരെയും, സമഗ്ര പദ്ധതിയുടെ ഭാഗമായി 50 സമഗ്ര കോ–ഓർഡിനേറ്റർമാരെയും |

ജില്ലകളിൽ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കുടുംബശ്രീ പ്രവർത്തനങ്ങളിൽ മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന തിനായി കുടുംബശ്രീ പദ്ധതികളെ സംബന്ധിച്ച് പരിശീലനം നൽകി സജ്ജരാക്കിയിട്ടുള്ള 300–ലധികം എം.ഇ.സിമാരും ആർ.പി.മാരും നിലവിലുണ്ട്. കുടുംബശ്രീ പ്രവർത്തനം മറ്റു സംസ്ഥാനങ്ങളിൽ വ്യാപിപ്പിക്കുന്നതിന് 8 സംസ്ഥാനങ്ങളുമായി കരാർ ഒപ്പിട്ടു. ഇതിനായി കുടുംബശ്രീയുടെ കീഴിൽ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ പ്രവർത്തിക്കുന്നു

സെക്ഷൻ ഓഫീസർ